**തിരുവനന്തപുരം ജില്ലയിലെ വർക്കല ബൈപ്പാസ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹികാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധ സംഘത്തിന്റെ വിലയിരുത്തൽ റിപ്പോർട്ടും ശിപാർശകളും**

**അംഗങ്ങൾ**

| | | |
|---|---|---|
| 1) ഡോ.പി.പ്രതാപൻ | : | റിട്ട. അഡീഷണൽ ഡയറക്ടർ,<br>സാമൂഹ്യ നീതി വകുപ്പ് &<br>ചെയർപേഴ്സൺ, വിദഗ്ധസമിതി. |
| 2) പ്രൊഫ.എൽ.താരാഭായി | : | പ്രൊഫസർ (റിട്ട), ഡിപ്പാർട്ട്മെന്റ് ഓഫ്<br>സോഷ്യോളജി, മധുര കാമരാജ് യൂണിവേഴ്സിറ്റി |
| 3) ശ്രീ.എസ്. ഇന്ദു കലാധരൻ | : | ഡെപ്യൂട്ടി കളക്ടർ(റിട്ട.) |
| 4) ശ്രീ.എസ്.ശംഭുദേവൻ നായർ | : | ഡെപ്യൂട്ടി കളക്ടർ(റിട്ട.) |
| 5) ശ്രീ.സതീശൻ | : | വർക്കലനഗരസഭ പ്രതിനിധി |
| 6) ശ്രീമതി.സിന്ധു വിജയൻ | : | വർക്കലനഗരസഭ പ്രതിനിധി |
| 7) ശ്രീമതി.കീർത്തി.എം.ജി | : | ടെക്നിക്കൽ എക്സ്പെർട്ട്<br>പൊതുമരാമത്ത് വകുപ്പ്, നിരത്തുകൾ ഉപവിഭാഗം<br>ആറ്റിങ്ങൽ |

**സാമൂഹികാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധ സംഘത്തിന്റെ വിലയിരുത്തലും ശിപാർശകളും.**

തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ വർക്കല വില്ലേജിലെ 85 സർവ്വെ നമ്പരുകളിൽപ്പെട്ട ഏകദേശം 519.1797 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനാണ് സർക്കാരിന്റെ 11.02.2022 ലെ ജി.ഒ(പി) നം.65/2022/ആർ.ഡി നം. വിജ്ഞാപന പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

പദ്ധതി പ്രദേശത്ത് സാമൂഹികാഘാത പഠനം നടത്തുന്നതിനും, സാമൂഹികാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിനുമായി സർക്കാർ നിയോഗിച്ച പ്ലാനറ്റ് കേരള എന്ന സ്ഥാപനം തയ്യാറാക്കി സമർപ്പിച്ച പഠന റിപ്പോർട്ട് സമിതി വിശദമായി പരിശോധിച്ചതിൽ ഇത് 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിനും, അനുബന്ധ ചട്ടങ്ങൾക്കും അനുസൃതമായാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിലയിരുത്തി.

തിരുവനന്തപുരം - കൊല്ലം ദേശീയപാതയിൽ കല്ലമ്പലത്തു നിന്നും വർക്കല ഭാഗത്തേക്കുള്ള റോഡിൽ വർക്കല റെയിൽവേ അണ്ടർ പാസിനു മുൻപായി ജില്ലാ ആയുർവേദ ആശുപത്രി കവലയിൽ നിന്നും വലതു ഭാഗത്തായി ശിവഗിരി മഠത്തിലേയ്ക്കു പോകുന്ന റോഡിൽ ഏകദേശം 100 മീറ്റർ മാറിയുള്ള മട്ടിൻമൂട് ജംഗ്ഷനിൽ നിന്നും വലതുഭാഗത്തേയ്ക്കുള്ള റോഡിൽ ഏകദേശം 200 മീറ്റർ മാറി(വർക്കല TS കനാൽ തുരംഗത്തിനു മുൻപായി) V/SG-9 നമ്പർ ഇലക്ട്രിക്ക് പോസ്റ്റിനു സമീപം റോഡിന്റെ ഇടതു വശത്തുള്ള ശ്രീ.ഷാജി വക വസ്തുവിൽ നിന്നും (ബ്ലോക്ക് 187, റിസർവ്വെ നം.94) ആരംഭിച്ച് സ്വകാര്യ വസ്തുക്കളിലൂടെ സ്റ്റാർലൈൻ റോഡിനോട് ചേർന്ന് ശ്രീ. രാജീവ്.ജി, സുധ.എം.എസ് വക വസ്തുവരേയും (സർവ്വെ 119/9) തുടർന്ന് ടി റോഡിൽ 50 മീറ്റർ മാറി ട്രാൻസ്ഫോർമറിനു സമീപം വരെ റോഡിന് ഇരുവശത്തുമുള്ള വസ്തുക്കളും അതിനുശേഷം സർജറി ക്ലിനിക്ക് സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സ്ഥിതി ചെയ്യുന്ന വസ്തുവിന് എതിർ ഭാഗത്ത് ശ്രീ ശശാങ്കൻ വക വസ്തുവിൽ നിന്നും ആരംഭിച്ച് (സർവ്വെ 119) സ്വകാര്യവസ്തുക്കളിലൂടെ തൊട്ടുവേ റോഡിനോട്ടു ചേർന്ന് ശ്രീ.ശെൽവരാജ് വക വസ്തു(സർവ്വേ നം. 126/8) വരെയും തുടർന്ന് റോഡിന്റെ എതിർ ഭാഗത്ത് ശ്രീ.ഷീബ, ശ്രീ.സുരേഷ് വക വസ്തുവിൽ (സർവ്വെ നം.126/9) നിന്നും മാർത്തോമാ ചർച്ച് റോഡിനോട്ടു ചേർന്ന് ശ്രീ. രവീന്ദ്രൻ വക വസ്തുവരെയും(സർവ്വെ നം.122/57)വീണ്ടും റോഡിന്റെ മറുഭാഗത്ത് ശ്രീ.ജയചന്ദ്രൻ വക വസ്തുവിൽ നിന്നും ആരംഭിച്ച് (സർവ്വേ 119/77) കല്ലംകോണം റോഡിനോട് ചേർന്ന് ശ്രീ.മോഹനൻ വക വസ്തുവരെയും (സർവ്വേ 119/53) റോഡിന് മറുഭാഗത്ത് സുനിൽദത്ത്, സുന്ദിലാൽ വക വസ്തുവിൽ ( സർവ്വെ നം.59/64, 59/65)

നിന്നും ആരംഭിച്ച് വർക്കല - പാരിപ്പള്ളി റോഡിൽ വർക്കല റെയിൽവേ ഗേറ്റിൽ നിന്നും ഏകദേശം 100 മീറ്റർ മാറി റോഡിന്റെ വലതു ഭാഗത്തുള്ള ജയാ അലുമിനിയം ഇൻഡസ്ട്രീസ് സ്ഥിതിചെയ്യുന്ന വസ്തുവരെയും ഏകദേശം 1.5 കി.മീ ദൂരത്തിൽ 12 മുതൽ 15 മീറ്റർ വരെ വീതിയിൽ ഉള്ള ഭൂമിയാണ് ഈ പദ്ധതിയ്ക്കായി ഏറ്റെടുക്കേണ്ടി വരുന്നതെന്ന് സ്ഥലപരിശോധനയിൽ സമിതി വിലയിരുത്തി.

121 സ്വകാര്യ വ്യക്തികളുടെ ഭൂമിയാണ് പദ്ധതിയ്ക്കായി ഏറ്റെടുക്കേണ്ടി വരുന്നതെന്നും 4 വീടുകളെ പൂർണ്ണമായും 4 വീടുകളെ ഭാഗികമായും പദ്ധതി ബാധിക്കുന്നതായും പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

ആറ്റിങ്ങൽ, കല്ലമ്പലം, കടയ്ക്കാവൂർ ഭാഗങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾക്ക് വർക്കല മൈതാനത്തെ ഗതാഗതകുരുക്കിൽ പെടാതെയും, വർക്കല - പാരിപ്പള്ളി റോഡിലെ റെയിൽവേ ലൈൻ മുറിച്ചു കടക്കാതെയും പാരിപ്പള്ളി റോഡിൽ പ്രവേശിക്കുന്നതിനായാണ് ഈ ബൈപ്പാസ് നിർമ്മാണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. വർക്കല അസംബ്ലി നിയോജക മണ്ഡലത്തിലെ യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വർക്കല നഗരത്തിലെ ഗതാഗത തടസ്സങ്ങൾ കുറയ്ക്കുന്നതിനും ദൈനംദിനാവശ്യങ്ങൾക്കായി പ്രദേശവാസികൾക്ക് സൗകര്യപ്രദമായി സഞ്ചരിക്കുന്നതിനും ഈ പദ്ധതിപൂർത്തിയാക്കുന്നതു വഴി സാധിക്കുമെന്ന പഠന സംഘത്തിന്റെ കണ്ടെത്തലിനോട് സമിതി പൂർണ്ണമായും യോജിക്കുന്നു.

ഈ പദ്ധതിയ്ക്കായി ഏറ്റവും അനുയോജ്യമായ കുറഞ്ഞ അളവിലുള്ള ഭൂമി മാത്രമാണ് ഏറ്റെടുക്കാൻ ശിപാർശ ചെയ്തിട്ടുള്ളത്. പദ്ധതി പൂർത്തീകരണം വഴി സമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങൾ പദ്ധതി ബാധിതർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെ അപേക്ഷിച്ച് വളരെ വലുതാണെന്നും സമിതി വിലയിരുത്തുന്നു.

***ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട പദ്ധതിക്കായി വിജ്ഞാപന പ്രകാരമുള്ള 519.1797 സെന്റ് ഭൂമി ഏറ്റെടുക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.***

ഇതോടൊപ്പം താഴെ പറയുന്ന കാര്യങ്ങളിൽ കൂടി ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

1) ഭൂമി ഏറ്റെടുക്കലും നഷ്ടപരിഹാരവിതരണവും സമയബന്ധിതമായി പൂർത്തിയാക്കുക.

2) കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസം പദ്ധതിയോടൊപ്പം തന്നെ നടപ്പാക്കുക.

3) ഭാഗികമായി ഭൂമി, കെട്ടിടങ്ങൾ എന്നിവ നഷ്ടപ്പെടുന്നവർക്ക് പുനർ നിർമ്മാണം/അറ്റകുറ്റപണികൾ നടത്തുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവനുവദിക്കണമെന്ന അപേക്ഷകളിന്മേൽ അനുഭാവപൂർണ്ണമായ തീരുമാനം കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നല്കുക.

4) ഭൂമി ഏറ്റെടുക്കൽ മൂലം ഉപയോഗയോഗ്യമല്ലാതെ അവശേഷിക്കുന്ന ഭൂമി കൂടി ഏറ്റെടുക്കണമെന്ന അപേക്ഷകൾ പരിഗണിക്കുക.

5) ഭൂമി ഏറ്റെടുക്കൽ മൂലം അവശേഷിക്കുന്ന വസ്തുവിലേയ്ക്കുള്ള പ്രവേശനമാർഗ്ഗങ്ങൾ തടസ്സപ്പെടുത്തുന്നത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നല്കുക.

ചെയർമാൻ